നൽകുന്നു; ഗവൺമെൻറ് അതു പരിശോധിക്കട്ടെ. അതു പറഞ്ഞു തുടങ്ങിയതാണ്. അതുകൊണ്ട് രണ്ടു വാചകം പൂർത്തിയാക്കിയിട്ട് അവസാനിപ്പിക്കട്ടെ. അതു മുഖ്യമന്ത്രിക്കു സഹായകമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിനെപ്പറ്റി ചർച്ച ഇപ്പോൾ ആവശ്യമില്ലെന്നു ഞാൻ തീരുമാനിക്കുന്നു. ഇതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ മുഖ്യമന്ത്രി അറിയിക്കും.

III. ശ്രദ്ധക്ഷണിക്കൽ

ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ഒമ്പർ ഹാജരാകത്തതിനാൽ, പ്രമേയം ചർച്ചയ്ക്കെടുക്കുകയുണ്ടായില്ല.

IV. റിപ്പോർട്ടു സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. കെ. വി. കുര്യൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തൊന്നാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടു സമർപ്പിച്ചിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

(i) 1979-ലെ കേരള പോലീസ് (ഭേഗതി) ബിൽ

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. കഴിഞ്ഞ 25-ാം തീയതി കൂടിയ ബിസിനസ് അഡൈ്വസറിക്കമ്മിറ്റിയിൽ ബില്ലുകളുടെ ചർച്ചയ്ക്കുള്ള ടൈം അലോട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ആ ബിസിനസ് അഡൈ്വസറിക്കമ്മിറ്റി ബില്ലിൻെറ ടൈം അലോട്ടു ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്. ഒക്ടോബർ 4 കേരള ലാൻഡ് റിഫോംസ് (അമെൻഡ്മെൻറ്) ബിൽ. അതാണ് ഹൗസ് അഡോപ്റ്റുചെയ്തിട്ടുള്ളത്. സർ, നമ്മുടെ റൂംസ് ഓഫ് പ്രൊസീഡിയർ 215 അനുസരിച്ച്.

"The allocation of time in respect of Bills and other business as approved by the House shall take effect as if it were an order of the House and shall be notified in the Bulletin". എന്നു പറഞ്ഞിട്ടുണ്ട്.

സർ, അങ്ങനെ ആർഡർ ആയിരിക്കുന്ന, ഹൗസ് അഡോപ്റ്റു ചെയ്തിട്ടുള്ള, ഒരു തീരുമാനത്തിനു വിപരീതമായി ടൈം മാറ്റണമെങ്കിൽ മറ്റൊരു മോഷൻ വേണം. അല്ലെങ്കിൽ ഹൗസിൻെറ സെൻസ് എടുത്തുകൊണ്ടുള്ള ഒരു തീരുമാനം വേണം. Sir, I am referring to the 'Practice and Procedure of Parliament':

"No variation in the allocation of time order is made except on a motion made with the consent of the Speaker, and accepted by the House. Where the House while adopting the report keeps open the

LIBRARY ARCHIVES Kerala Legislative Assembly